## പതിമൂന്നാം കേരള നിയമസഭ
### പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 185 08-02-2016-ൽ മറുപടിയ്ക്ക്

**<u>സംസ്ഥാന ഭാഗ്യക്കുറി</u>**

| | ചോദ്യം<br><br>ശ്രീമതി. കെ.എസ്.സലീഖ | | മറുപടി<br><br>ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാന ഭാഗ്യക്കുറിയുടെ പ്രവർത്തനങ്ങളെക്കുറിച്ച് പൊതുജനങ്ങളിൽ നിന്നും ഏജന്റുമാർ, വിൽപനക്കാർ എന്നിവരിൽ നിന്നും ഉയർന്ന് വന്ന പരാതികളും വകുപ്പ് നേരിടുന്ന മറ്റ് പ്രശ്നങ്ങളും പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഏകാംഗ കമ്മീഷനെ നിയോഗിച്ചിരുന്നോ; എങ്കിൽ ആരെയാണ് നിയമിച്ചിരിക്കുന്നത്; | (എ) | സംസ്ഥാന ഭാഗ്യക്കുറിയുടെ പ്രവർത്തനങ്ങളെക്കുറിച്ച് പൊതുജനങ്ങൾക്കുള്ള പരാതികളും വകുപ്പ് നേരിടുന്ന മറ്റ് പ്രശ്നങ്ങളും പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി റിട്ടയേഡ് ജില്ലാ സെഷൻസ് ജഡ്ജി ശ്രീ. ഡി. പ്രേമചന്ദ്രനെ ഏകാംഗ കമ്മീഷനായി നിയോഗിച്ചിരുന്നു. |
| (ബി) | കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കാമോ? | (ബി) | റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.<br>ചെറുകിട ഏജന്റുമാർക്ക് വേണ്ടത്ര ഭാഗ്യക്കുറി ടിക്കറ്റുകൾ ലഭിക്കാനായി താലൂക്ക്തല ഓഫീസുകൾ ആരംഭിക്കുക, ഭാഗ്യക്കുറി ടിക്കറ്റുകളുടെ കൗണ്ടർഫോയിൽ സമ്പ്രദായം നിർത്തലാക്കുക, മറ്റു സംസ്ഥാനങ്ങളിലേയ്ക്ക് ഭാഗ്യക്കുറി ടിക്കറ്റുകൾ കടത്തുന്നതിനെതിരെ നടപടി സ്വീകരിക്കുക, വ്യാജ ലോട്ടറികൾക്കെതിരെ നടപടി സ്വീകരിക്കുക, ഭാഗ്യക്കുറി ടിക്കറ്റുകളുടെ അച്ചടി വർദ്ധിപ്പിക്കുക തുടങ്ങിയ നിരവധി ശുപാർശകൾ കമ്മീഷൻ സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഭാഗ്യക്കുറി വകുപ്പിലോ മേഖലയിലോ പുതിയ പരിഷ്കാരങ്ങളോ, നിർദ്ദേശങ്ങളോ നടപ്പിൽ വരുത്തിയിട്ടുണ്ടോ ; വ്യക്തമാക്കാമോ; | (സി) | പ്രേമചന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുതിയ പരിഷ്ക്കാരങ്ങളോ നിർദ്ദേശങ്ങളോ നടപ്പിൽ വരുത്തിയിട്ടില്ല. |
| (ഡി) | കേരള ലോട്ടറിയുടെ വിജയികളിൽ എത്രപേർക്ക് 31.01.2016 വരെ സമ്മാനത്തുക നൽകാൻ ബാക്കിയുണ്ടെന്ന് വ്യക്തമാക്കാമോ; ഇത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ; | (ഡി) | കേരള ലോട്ടറിയുടെ വിജയികളിൽ 259 പേർക്ക് 31.01.2016 വരെയുള്ള കാലയളവിൽ സമ്മാനവിതരണം നടത്താനുണ്ട്. ആവശ്യമായ രേഖകൾ യഥാസമയം ലഭ്യമാകാത്തതിനാലും, പാൻകാർഡ് ലഭ്യമാകാത്തതുകൊണ്ടുമാണ് ചില ക്ലെയിമുകളിൽ കാലതാമസം നേരിടുന്നത്. നിയമപ്രകാരമുള്ള രേഖകൾ കൃത്യമായി സമർപ്പിക്കുന്നവർക്ക് ഒരുമാസത്തിനുള്ളിൽത്തന്നെ സമ്മാനവിതരണം നടത്തുന്നുണ്ട്. |
| (ഇ) | സമ്മാനത്തുക നൽകാത്തത് സംബന്ധിച്ച് എത്ര കേസുകൾ ഏതെല്ലാം കോടതികളിൽ സംസ്ഥാന ലോട്ടറി വകുപ്പിനെതിരെ നിലനിൽക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ? | (ഇ) | സമ്മാനത്തുക നൽകാത്തത് സംബന്ധിച്ച് ഹൈക്കോടതിയിൽ ഫയൽചെയ്ത ഒരു കേസ് മാത്രമേ നിലവിലുള്ളൂ. |

സെക്ഷൻ ഓഫീസർ.